(സി) ഉണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ സമഗ്ര പങ്കാളിത്തത്തിന് കർമ്മ പദ്ധതി

96 [914] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) കേരള വികസന പദ്ധതിയിൽ പഞ്ചായത്ത്/നഗരപാലിക മെമ്പർമാരുടെ പങ്കാളിത്തം സമഗ്രമാക്കുന്നതിനുവേണ്ടി പുതിയ കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം വർദ്ധനവ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്.

(ബി) ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ട്.

(സി) കേരള വികസന പദ്ധതിയിൽ പഞ്ചായത്ത്/നഗരപാലിക മെമ്പർമാരുടെ പങ്കാളിത്തം സമഗ്രമാക്കുന്നതിനുവേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക

97 [914] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി 1995-96-ലും അതിനുശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാന ബഡ്ജറ്റിൽ മൊത്തം വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ നൽകിയ തുകയും സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തി നൽകിയത് എന്തുതുക വീതമായിരുന്നു എന്നു വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ തുകയിൽ ചെലവഴിക്കാൻ കഴിയാത്തതിന്റെ പേരിൽ സർക്കാർ തിരിച്ചു പിടിച്ച തുക ഓരോ വർഷവും എത്രവീതമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1995-96, 1996-97 വർഷങ്ങളിൽ ഉപാധിരഹിത ഫണ്ടായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകിയിരുന്നത്. 1995-96, 1996-97 വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം 30 കോടി രൂപയും 212 കോടി രൂപയും വകയിരുത്തുകയും ടി തുകകൾ നൽകുകയും ചെയ്തു.

1997-98 വർഷം മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും 2001-2002 മുതൽ കേരള വികസന പദ്ധതിയിലുൾപ്പെടുത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമിനത്തിൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു:

	ബഡ്ജറ്റിൽ വകയിരുത്തിയ തുക (കോടി രൂപ)	*നൽകിയ തുക (കോടി രൂപ)*
1997-98	749	757
1998-99	950	910.43
1999-2000	1020	849.42
2000-2001	1045	819.06
2001-2002	850	637.58
2002-2003	1342	1023.28
2003-2004	1317	1119.45

2003-2004-ൽ 335 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താതെ അഡീഷണലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) 2004-2005-ൽ ബഡ്ജറ്റിൽ 1350 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ മൂന്ന് മാസഗഡുക്കളായി 33629.82 ലക്ഷം രൂപ നൽകി കഴിഞ്ഞിട്ടുണ്ട്.

(സി) നൽകിയ തുകയിൽനിന്ന് ഓരോ വർഷവും തിരിച്ചു പിടിച്ചിട്ടില്ല. 9-7-2003-ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി.ഡി. അക്കൗണ്ടിൽ ശേഷിച്ചിരുന്ന ഏകദേശം 845 കോടി രൂപ (പ്ലാൻ ആന്റ് നോൺ പ്ലാൻ ഉൾപ്പെടെ) മരവിപ്പിക്കുകയുണ്ടായി. ഇതിൽ ഏകദേശം 200 കോടി രൂപയോളം പദ്ധതിയേതര പണം ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ട്. ഇതു കൂടാതെ 335 കോടി രൂപ പദ്ധതി തുക അഡീഷണലായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2004 മാർച്ച് 31 ആയപ്പോൾ ചെലവഴിക്കാതെ ശേഷിച്ചിരുന്ന 18553.20 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കിയിട്ടുണ്ട്. അതിനു മുമ്പുള്ള വർഷങ്ങളിൽ ഇപ്രകാരം തുകയൊന്നും ലാപ്സായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ ഡോക്ടർമാരെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായി നിയമിക്കുന്നതിലെ അപാകത

98 [918] ശ്രീ. എൻ. ശക്തൻ:

" ടി. വി. ചന്ദ്രമോഹൻ:

" എം. മുരളി:

" കെ. മുഹമ്മദാലി:

" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ ഡോക്ടർമാരെ വിവിധ പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായി നിയമിക്കാറുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഡോക്ടർമാർക്ക് രോഗികളെ ചികിൽസിക്കാനുള്ള സമയം ലഭിക്കാതെ വരികയോ അതിനുള്ള സമയം കുറയുകയോ ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ആശുപത്രികളുടെ ചുമതലയുള്ള ഡോക്ടർമാർ ആരോഗ്യപരിപാടികളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്മാരാണ്. എന്നാൽ അവരെ ആതുരശുശ്രൂഷയുമായി ബന്ധമില്ലാത്ത ജോലികൾ ഏൽപ്പിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തികവർഷം ലഭിച്ച പദ്ധതി വിഹിതം

99 [919] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക വീതം പദ്ധതി വിഹിതം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly